# MANCA POST





## Onam Special..!

## Editor's Note

I am happy to bring to you the special Onam edition of this newsletter with content gathered from our community. Onam remains the common thread through this newsletter and I hope you enjoy reading this edition of Manca Post.

Manca Post remains committed to be the platform for our community to connect and the team looks forward to every opportunity to be the facilitator in this direction. We earnestly urge our readers to make this a communication channel of choice. **Happy Onam** & Happy Reading!!-

***Dr. Ajit Nair***

## Our New President-



MANCA's newly elected president **Jose Mampillil** assumes leadership of MANCA on 9/17/2011. MANCA is sure to benefit from his leadership as Jose brings the strength of his experience as people leader and social work to the fore. He is an active member of many other professional and community organizations. Earlier he was the Vice President (2009-2011) and Secretary (2007-2009)of MANCA. Our best wishes are with Jose and we are confident that he will lead MANCA forward with a dynamic team of board members and its wonderful members.

Jose can be reached at (408)836-5804, email: sifiline@yahoo.com



## From the President's Desk

Welcome to the Onam edition of Manca Post!

I do believe that this newsletter has been a fine example of a lively, entertaining community channel that the team envisioned to carry forward and I wish the MANCA POST all the very best in its endeavors.

I especially thank Dr Ajit Nair for fostering the efforts of the team and producing the news letter especially this special edition for Onam.

As I step down as President of MANCA I am happy and thrilled that there is an extremely efficient leader & team to carry our efforts forward.

I would like to thank everyone for the wonderful opportunity of serving as President of MANCA for the last 2 eventful years. Wish each of you the very best in all your endeavours. Happy Onam.

**Tojo Thomas**

~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~

**In This Issue:**


ഞങ്ങളുടെ പരിപ്പുവടച്ചേട്ടന് **-Mridul George**

ഐതിഹ്യകൗതുകങ്ങൾ - **Thulasi Devi**

**Onam- Reflections** -Jose Thekkumthala

**Veendumoronam** - John Kodiyan

Onathumbi – Kavitha

Ammaykku- Kavithathundu
~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~

## ഞങ്ങളുടെ പരിപ്പുവടച്ചേട്ടന്

Mridul George

സംഭവം നടക്കുന്നത് ഇക്കഴിഞ്ഞ ജനുവരിയിലാണ്. തീയതി കൃത്യമായി ഓർക്കുന്നില്ല.സംഭവത്തിലേയ്ക്ക് കടക്കുന്നതിനു മുൻപ് ഒരു ചെറിയ ഫ്ലാഷ് ബാക്ക്.

എന്റെ നാട് മൂവാറ്റുപുഴയാണ്. മൂന്നു ആറുകളുടെ നാട്, ഹൈറേഞ്ചിന്റെ കവാടം എന്നൊക്കെയാണു വിളിപ്പേരുകള്. ഒരു രൂപ വട്ടത്തിലുള്ള പരിപ്പുവടകളാണു ഞങ്ങളുടെ നാടിന്റെ ഒരു പ്രത്യേകത. അതായത്, ഒരു രൂപയ്ക്കു ഏകദേശം ആ വലുപ്പത്തിലുള്ള പരിപ്പുവട കിട്ടും. അതുണ്ടാക്കി വിൽക്കുന്ന ചെറിയ ഉന്തുവണ്ടികള് ടൗണിന്റെ എല്ലാ പ്രധാന ഭാഗങ്ങളിലും ഉച്ച മുതലുണ്ടാവും. ഇത്തരം പരിപ്പുവടകളുടെ ഒരു ആരാധകനാണു ഞാന്. ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കും എന്നറിയാമെങ്കിലും ഇപ്പോഴും എനിക്കതൊരു ദൗർബല്യം തന്നെയാണ്. ഈ ഇഷ്ടം ആരംഭിക്കുന്നത്, ഞാന് അഞ്ചിലോ ആറിലോ മറ്റോ പഠിക്കുന്ന സമയത്താണ്.

ഞാനും എന്റെ ചേട്ടനും കൂടി കടയിലൊക്കെ പോയി വരുമ്പോള് ബാക്കി കിട്ടുന്ന പൈസ കൊണ്ടു ഇതു വാങ്ങും. ഞങ്ങള് സ്ഥിരം ഇതു വാങ്ങിക്കൊണ്ടിരുന്നത് ഒരാളുടെ കൈയ്യില് നിന്നു തന്നെയായിരുന്നു. മുപ്പത്-മുപ്പത്തിരണ്ട് വയസ്സ് പ്രായമുള്ള ഒരു ചേട്ടന്. സ്ഥിരം കസ്റ്റമേഴ്സായി കഴിഞ്ഞപ്പോള്, ഞങ്ങളും ഈ ചേട്ടനും നല്ല കമ്പനിയായി. അഞ്ചു രൂപയ്ക്കു വാങ്ങുമ്പോള് ആറെണ്ണം അല്ലെങ്കില് ഏഴെണ്ണം തരുക, നടക്കുമ്പോള് കഴിക്കാന് ഒരെണ്ണം തരുക എന്നങ്ങനെ പോയി കാര്യങ്ങള്. അന്നു ഞാന് എന്റെ ചേട്ടനോടു പറഞ്ഞു, 'ഈ ചേട്ടനു ഒരു തുണിക്കടയോ മറ്റോ ഇട്ടു കൊടുത്താല് പുള്ളി കസറും, കാരണം എത്ര ഭംഗിയായാണ് പുള്ളി കസ്റ്റമേഴസിനെ കൈകാര്യം ചെയ്യുന്നത്. ' എന്റെ ചേട്ടനും ആ അഭിപ്രായത്തോടു പൂർണമായും യോജിച്ചു. പേരറിയാത്ത ആ ചേട്ടന് ഞങ്ങള് പരിപ്പുവടചേട്ടനെന്ന് പേരും ഇട്ടിരുന്നു.

അങ്ങനെ കുറച്ചു നാളുകള് കഴിഞ്ഞപ്പോള് ആ ചേട്ടനെ കാണാതെയായി. ഏകദേശം ഒരു വർഷം ചേട്ടനെ ടൗണിലെങ്ങും കണ്ടതുമില്ല. ആദ്യം കുറച്ചു നാള് ഞാന് പരിപ്പുവട വാങ്ങല് നിർത്തിയെങ്കിലും, വയറും നാവും സമ്മതിക്കാഞ്ഞതു കൊണ്ട് മറ്റൊരു കടയില് നിന്നു വാങ്ങാന് തുടങ്ങി.

പെട്ടെന്നൊരു ദിവസം, പരിപ്പുവട ചേട്ടന് പിന്നെയുമെത്തി. നേരെ ചെന്നു സാധനം വാങ്ങി, ഇതു വരെ എവിടെയായിരുന്നു എന്നും ചോദിച്ചു. കട കോതമംഗലത്തേക്കു ഒന്നു മാറ്റി നോക്കിയതാടാ , പക്ഷേ മെച്ചമില്ല എന്നും പറഞ്ഞു പൊതിയും, കൂടെ ഒരു എക്സ്ട്രാ പരിപ്പുവടയും തന്ന് അന്നു പിരിഞ്ഞു. പിന്നെയും ഒരുപാട് പരിപ്പുവടപ്പൊതികള്. പെട്ടന്നൊരു ദിവസം ആളു പിന്നെയും അപ്രത്യക്ഷനായി. ഇക്കുറി ഒരു വർഷം കഴിഞ്ഞിട്ടും ആളെ കാണുന്നില്ല. ഞാന് കട മാറി, വേറെ ഒരു കടക്കാരനുമായി അത്യാവശ്യം പരിചയവുമായി. പതിയെ പതിയെ എന്റെ പരിപ്പുവടചേട്ടനെ ഞാന് മറക്കുകയും ചെയ്തു. പുള്ളിക്കാരന് വേറെ സ്ഥലത്തേക്കു മാറി കാണും എന്നു സ്വയം തീരുമാനിച്ച് ഞാന് എന്റെ പരിപ്പുവട പ്രേമം നിർബാധം തുടർന്നു. ഇതിനിടയില് കുറേ മാസങ്ങളങ്ങനെ കടന്നും പോയിരുന്നു.



ഇക്കഴിഞ്ഞ ജനുവരിയിലെ ഒരു പകല്. ഒരു യാത്രയുണ്ടായിരുന്നതിനാല് അന്ന് ഉച്ച കഴിഞ്ഞ് അവസാനവട്ട ഷോപ്പിംഗിനായി ഞാന് ടൗണിലേയ്ക്കിറങ്ങി. ഒരു കടയില് നിന്നു പുറത്തേക്കിറങ്ങി വന്ന സമയത്ത്, റോഡിന്റെ സൈഡിലൂടെ ഒരു തടിച്ച മനുഷ്യന് വടി കുത്തി നടന്നു വരുന്നു. ഒറ്റനോട്ടത്തില് തന്നെ, എന്തോ ഒരു അപകടമോ ഓപ്പറേഷനോ ഒക്കെ കഴിഞ്ഞ ഒരാളുടെ രൂപം പോലെ. എന്റെ അടുത്തെത്തിയപ്പോള് ആളൊരു ലോട്ടറി ടിക്കറ്റ് എന്റെ നേരെ നീട്ടി. വേണ്ട ചേട്ടാ എന്നു പറഞ്ഞ്, ഞാന് പതിയെ മുന്നോട്ടു നടന്നു. ഞാനതു പറയുന്ന നേരത്ത്, അയാള് എന്നെ നോക്കി ഒന്നു ചിരിച്ച പോലെ എനിക്കു തോന്നി. കൂടുതല് നിർബന്ധിക്കാതെ, അയാള് അടുത്ത ആളുടെ അടുത്തേയ്ക്കു നടന്നു. ഞാന് വണ്ടിയെടുത്തു മുന്നോട്ടും നീങ്ങി. പെട്ടന്നൊരു ഉൾവിളി, അയാളെ എനിക്കറിയാമെന്നാരോ എന്നോടു പറയുന്നതു പോലെ. ഞാന് കുറച്ചു മുന്നിലായി വണ്ടി നിറുത്തിയിട്ടു. മിററിലൂടെ പുറകിലേയ്ക്ക് നോക്കി.വടി കുത്തി വളരെ ബുദ്ധിമുട്ടി അയാള് നടക്കുന്നുണ്ട്. ചോദിക്കുന്ന ആരും ലോട്ടറി എടുക്കുന്നുമില്ല. ഞാന് പതിയെ ആ മുഖത്തേയ്ക്കു നോക്കി.അതയാളായിരുന്നു, ഞങ്ങളുടെ പരിപ്പുവട ചേട്ടന്.പക്ഷേ അങ്ങനെയങ്ങു ഉറപ്പിക്കാനും മടി. അയാള് അടുത്തെത്തുന്നതു വരെ ഞാന് അവിടെ നിന്നു.അടുത്തെത്തിയപ്പോള് ഞാന് ചേട്ടനെ വിളിച്ചു.

“ചേട്ടാ, ഒരു ലോട്ടറി”വിളി കേട്ട്, ഒരുപാട് സന്തോഷത്തോടെ അയാളെന്റെ അടുത്തെയ്ക്കു വന്നു, ഒരു ലോട്ടറി തന്നു.”നിനക്കെന്നെ ഓർമ്മയുണ്ടോടാ?”, ഞാന് പത്തു രൂപ നീട്ടിയ സമയത്തു അയാള് ചോദിച്ചു. സംസാരിക്കാനും ഒരു ബുദ്ധിമുട്ടുള്ളതു പോലെ. “ഇവിടെ കട നടത്തിയിരുന്ന…” ഞാന് ചോദിച്ചു ,അതെയെന്ന അർത്ഥത്തില് ചേട്ടനൊന്നു ചിരിച്ചു.ഒരാള് തന്നെ തിരിച്ചറിഞ്ഞതിന്റെ സന്തോഷവും ആ മുഖത്തുണ്ടായിരുന്നു.“എന്തു പറ്റി?” ഞാന് ചോദിച്ചു.

“പ്ലാവില് നിന്നു വീണതാടാ മോനെ”. അവ്യക്തമായ ശബ്ദത്തില് ചേട്ടന് മറുപടി പറഞ്ഞു. എന്റെ ചോദ്യങ്ങള് അവസാനിച്ചിരുന്നു. അല്ല, കൂടുതല് ചോദിക്കാന് എനിക്കു കഴിയുമായിരുന്നില്ല. വാക്കുകള് എവിടെയോ കുടുങ്ങിയതു പോലെ. ഓ.കെ എന്നും പറഞ്ഞു അപ്പോഴേയ്ക്കും ചേട്ടന് പതിയെ നടന്നു നീങ്ങിയിരുന്നു. ഞാന് വണ്ടിയെടുത്തു വീട്ടിലേയ്ക്കും. കണ്ണൊന്നു നിറഞ്ഞ പോലെ..പോകുന്ന വഴിയിലും, അന്നു വൈകുന്നേരത്തെ യാത്രയിലുമൊക്കെ എന്റെ മനസു നിറയെ ഈ കൂടിക്കാഴ്ചയായിരുന്നു. ഇടയ്ക്കെപ്പോഴൊക്കെയോ കണ്ണുകള് നിറഞ്ഞ് നിറഞ്ഞ് താഴേയ്ക്കൊഴുകുന്നുണ്ടായിരുന്നു ഞാന് പോലുമറിയാതെ… ഞങ്ങളുടെ പരിപ്പുവട ചേട്ടനെയോർത്ത്…



ഐതിഹ്യകൗതുകങ്ങൾ-

Thulasi Devi

നാട്ടിൻപുറത്തിറങ്ങി മുറം വേണോ മുറം എന്നു വിളിച്ചു പറഞ്ഞുകൊണ്ടു നടക്കുന്ന പാക്കനാരെ കണ്ടാൽ മുറം ആവശ്യമില്ലാത്തവർ കൂടി അയാളെ വിളിച്ചു വരുത്തി മുറങ്ങൾ തിരഞ്ഞുനോക്കുകയും വിലപേശുകയും ചെയ്യുക പതിവാണ്. എന്തിനാണ് ഇങ്ങനെ ചെയ്യുന്നതെന്നു ചോദിച്ചാൽ അതിലൊരു കാര്യമുണ്ട് എന്നാണ് ഉത്തരം. ആ കാര്യമല്ലേ അറിയേണ്ടത്? പറയാം.

ഇതൊരു ഐതിഹ്യകഥയുടെ ഭാഗമാണ്. പന്തിരുകുലത്തിൽ പിറന്ന മഹാജ്ഞാനിയായ പാക്കനാരെ കുറിച്ചുള്ളത്! മലയാളത്തിൽ ഇത്തരം അനേകം ഐതിഹ്യകഥകൾ ഉണ്ട്. വായനക്കാരിൽ കൗതുകം വളർത്തുന്ന ആ കഥകളുടെ ഒരു ശേഖരം ആണ് മഹോപാദ്ധ്യായ കെ.എസ്. നീലകണ്ഠനുണ്ണിയുടെ ഐതിഹ്യകഥകൾ എന്ന പുസ്തകം.

ഭീമസേനനാൽ പ്രതിഷ്ഠിക്കപ്പെട്ടതെന്നു വിശ്വസിക്കപ്പെടുന്ന തൃപ്പുലിയൂർ ശിവക്ഷേത്രവുമായി ബന്ധപ്പെട്ടുമുണ്ട് ഒരു കഥ. തൃപ്പുലിയൂർ ദേശത്ത് ഭീമപരാക്രമികളായ മനുഷ്യർ ഉണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. പുലിയൂർ ദേശത്ത് ഒടുവിൽ ഉണ്ടായ ഭീമനെക്കുറിച്ചുള്ള ഒരു വിവരണം ഇങ്ങനെയാണ്:

മലയിൽച്ചെന്നു അവർ ഇതാ ഈ വൃക്ഷത്തിൽ കയറി നോക്കിയാൽ കാട്ടുപോത്തു നിൽക്കുന്നതു കാണാമെന്നു പറഞ്ഞതനുസരിച്ച് കണിയാർ മരത്തിൽ കയറി നോക്കി. അപ്പോൾ കൂറ്റനായ ഒരു കാട്ടുപോത്ത് വളരെ ദൂരത്തിൽ കൃഷിസാധനങ്ങൾ ഒടിച്ചുപറിച്ചു തിന്നുകൊണ്ടു നിൽക്കുന്നതു കണ്ടു. ഉടനെ തന്നെ മരത്തിൽ നിന്നു അയാൾ താഴെയിറങ്ങി നേരെ കാട്ടുപോത്തു നിൽക്കുന്ന സ്ഥലത്തേക്കു യാത്രയായി.

കാട്ടുപോത്തിന്റെ വരവു കണ്ടയുടൻ കൈയിൽ ഇരുന്ന തടി ദൂരെയെറിഞ്ഞിട്ട് നിലയുറച്ചുനിന്ന് നെഞ്ചിനുനേരെ പാഞ്ഞുവരുന്ന കാട്ടുപോത്തിന്റെ രണ്ടു കൊമ്പിലും കൂടി പിടിച്ചു പൊക്കിയെടുത്ത് നിലത്ത് ഒറ്റയടി കൊടുത്തു. അതോടുകൂടി ഉഴിഞ്ഞുനീക്കും കുരുതിയും ഒന്നും കൂടാതെ തന്നെ കാട്ടുപോത്ത് കാലധർമം പ്രാപിച്ചു.

ഇതുപോലെ തന്നെ പല അമാനുഷികസംഭവങ്ങളും നടത്തിയിട്ടുണ്ടത്രെ പുലിയൂർ ഭീമൻ! ഇങ്ങനെ അത്ഭുതങ്ങളുടെ ഒരു കലവറയാണ് ഐതിഹ്യകഥകൾ വായനക്കാർക്കുമുന്നിൽ തുറക്കുന്നത്. കേരളത്തിലെ ക്ഷേത്രങ്ങളെക്കുറിച്ചും, നഗരങ്ങളെക്കുറിച്ചും, രാജവംശങ്ങളെക്കുറിച്ചും എല്ലാമാണ് ഈ 266 കഥകൾ.



## ONAM- Reflections

**Jose Thekkumthala**

I have very fond memories of Onam.

Its festivities and pageantry encapsulate the varied arts, music and culture of Kerala. I look forward to Onam because of the promise it holds out, as appealing as an unfinished dream. The promise of Onam is to remind me of my bond with Kerala and its heritage and how intertwined I am with many aspects that constitute Kerala, not the least being its grand natural beauty. I have a blind faith in the promise that Onam extends.

Onam brings to memory the beauty of rural Kerala that naturally elevates imagination to poetic proportions. Nothing can be a better backdrop to Onam than Kerala's vibrant natural beauty with its spectacular greenery. To me, Onam brings thoughts and memories of Kerala. Some of those thoughts surface spontaneously, especially in the long lazy evenings drenched by heavy rain. On those occasions, my mind wanders into those long-lost rainy days of Kerala and gets washed over by a melancholic mood.

I may be thousands and thousands of miles away from Kerala, but when I listen to the turbulent skies where thunder roar and rumble like a hundred drums, I know I am in Kerala; when I hear the soothing sounds of a flowing river, I know I am in Kerala; when I am engulfed in a mellifluous melody emanating from the tall palm trees dancing in the breeze, I know I am in Kerala; when I see flock of birds rhythmically reciting a song whose meaning only they know, I know I am in Kerala; when I see them flying carefree and disappear into the cloud-laden sky, I know I am in Kerala!

Kerala is conglomeration of a million images. They are etched in memory so vividly that time will not erase them. Kerala is a visual mindscape of fond memories of my childhood, it is the sweet music of the birds that fly over our fields and perch on the tops of coconut palm trees, it is the long winding roads that snake through rural Kerala, it is the placid waters of many a lagoon, it is the thunderous rains of the monsoon season, it is the rolling hills that dot the countryside, it is the beautiful sunset over the Arabian sea, it is the cool moon-lit night descending upon the mango groves, it is the interplay of light and shadow cast by thousands of plantain tree leaves in the ever-peaceful evenings!

To me, Kerala consists of an unending array of refreshing mornings that bathe the meadows in a shroud of immaculate dewdrops; it consists of many a starlit night when jasmine spreads its other-worldly fragrance; it consists of thousands of moon-lit nights when Paala tree blooms in the temple courtyard...

Onam brings all these memories in a golden green banana leaf, to be savored to our heart's content. I look forward to Onam because it embodies what Kerala is at its best.

It reminds me that I belong to Kerala whose pristine beauty is jealously guarded by the Western Ghats standing as faithful sentinel from the time immemorial. I know Onam will arrive next year and the year after and beyond with refreshing regularity of a sunrise. I know Onam will extend to me an annual red carpet welcome to the emerald green meadows of Kerala, extending all the way from the gorgeous mountains in the east through the rivers in the middle flatlands to the glittering waters of the Arabian Sea. The blue sea unleashes a cascade of waves that travel to the coast with a single-minded determination to perform an act of martyrdom if only to have a last embrace of the coastal Kerala!

When Onam arrives I know I have always been proud to be part of Kerala of a blinding beauty, a land sandwiched by the Western Ghats and the Arabian Sea with a canopy of sapphire-blue sky. I then know that I am standing on the land that Parasuraman retrieved from the sea. I will then know that I belong to the mythical history of Mahabali who dreamed and built a land of prosperity, for which he sacrificed himself and then I will realize that the idea of Kerala was worth that sacrifice.

When I stand watching the pristine waters of the Arabian Sea reddened by a fiery sunset, reflecting on the unique heritage I have been bestowed upon,. Onam will then remind me that in this love affair, one can seek redemption. Onam will then remind me that in this love affair, one can always seek salvation!

********



## വീണ്ടുമൊരോണം

- ജോൺ കൊടിയൻ -

പുലിക്കളിയും പൂവിളിയുമായി
വീണ്ടുമൊരോണം വരുന്നു
ഓർമ്മയുടെ ചെപ്പിൽ
ബാല്യത്തിന്റെ തേരും
നിറമാർന്ന വൃത്തങ്ങളും മാത്രം
വെറ്റിലക്കറവീണ മുത്തശ്ശിക്കഥകളും
സന്ധ്യകളൂഞ്ഞാലാട്ടിയ ഉമ്മറപ്പടിയും
ചെപ്പിലിപ്പോഴുമനക്കം കൊള്ളുന്നു
ഇന്നത്തെ പാതയോരങ്ങളിൽ
വിത്തവും ബാല്യങ്ങളും
ചോരപുരണ്ടുകിടക്കുന്നു.
മാനുഷരെല്ലാമൊന്നായി
ഓണപ്പാട്ടിൽ മാത്രം അടയിരിക്കുമ്പോൾ
പാതാളം പിളർന്ന്
ഓലക്കുടയെറിഞ്ഞ്
നയനശരം തെറുത്ത്
മാവേലി വന്നെങ്കിൽ ...
മാംസമറുത്തും
മനസ്സുകറുത്തും
ബാല്യങ്ങളരിയുന്നവരെ
നീ പാതാളത്തിയിലേയ്ക്ക്
കൊണ്ടുപോയിരുന്നെങ്കിൽ ...


JACOB VARGHESE BS CMC
Certified Mortgage Coach

LOOKING FOR THE BEST MORTGAGE RATES?
No Origination Points
Zero Cost Refinancing
Free Rate Quote
Discounted Wholesale Rates

408-247-3031
SWANLOANS.COM
NMLS - 327086 DRE 01790347

Approved with Wells Fargo, Provident, Flagstar, ING, Met, Citi, etc.
FHA – Low down payment




## ഓണത്തുമ്പി...

ഓര്മതന് പൂമോട്ടിലാദ്യം നിറയുന്നത-
നുരാഗ സാന്ദ്രമാം സ്നേഹസിന്ധു
സാന്ദ്വന നാളമായ് നീളും മിഴിക്കോണില്
ആർദ്രം നിറയുന്നതശ്രുബിന്ദു...

തിരുവോണസന്ധ്യയില് തിരുമുറ്റത്തന്നുനീ-
കസവാർന്ന ചേലുമായ് വന്ന്
തിരിവച്ചു പോയതെന് ഹൃദയത്തിലാണെന്ന്
അറിയാതിരുന്നതിതെന്തേ...., ഒന്നും
പറയാതെ പോയതിതെന്തേ..

ഉൾക്കൂട് കൂട്ടിയ സ്വപ്നശലാകകള്
ഇഴപിരിഞ്ഞു പിന്നെ ഇതള് വിരിഞ്ഞു
ഹൃദയാമൃതം നിറഞ്ഞിടനെഞ്ചിലാശ പോല്
മഴമേഘാ സന്ധ്യ തുളുമ്പി നില്പൂ...
മനതാരിലോർമ്മകള് പെയ്യുനില്പൂ...

*An*




## അമ്മയ്ക്ക്..

‘ നിന്റെ നിശ്വാസ ധാര ജീവിത--
ഗന്ധമായി നുകർന്നു ഞാൻ...
നിന്റെയാക്കുളിർ മാറിലെ ജീവ---
സ്പന്ദനം കേട്ടുറങ്ങിഞ്ഞാൻ......’

*********

*An*









***Thank you for your support. We would love to hear from you!***

***For contributions, please send us your articles, poems, pictures, etc within the second week of the last month of any quarter so we can include it in the forthcoming publication. The publishers will reserve the right to publish any article or work. To reach us, please email us at: mancapost@mancaonline.org***